## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം 05.07.2013-ൽ മറുപടിക്ക്

നമ്പർ : *551

## ഭൂസംരക്ഷണ നിയമം കർശനമാക്കി റവന്യൂ ഭൂമി കയ്യേറ്റം തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ.എം.പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ.കെ.എൻ.എ. ഖാദർ<br>ശ്രീ.എൻ.എ നെല്ലിക്കുന്ന് | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഭൂസംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ കൂടുതൽ കർശനമാക്കിക്കൊണ്ട് 2009-ൽ നിയമം പാസ്സാക്കിയ ശേഷം റവന്യൂ ഭൂമി കയ്യേറ്റങ്ങളിൽ ഉണ്ടായിട്ടുള്ള മാറ്റം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ; | (എ) ഭൂസംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ കൂടുതൽ കർശനമാക്കികൊണ്ട് 2009-ൽ നിയമം പാസ്സാക്കിയ ശേഷം റവന്യൂ ഭൂമി കയ്യേറ്റങ്ങളിൽ കുറവ് വന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) റവന്യൂ പുറമ്പോക്ക് ഭൂമികളുടെ കസ്റ്റഡിച്ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ; | (ബി) റവന്യൂ പുറമ്പോക്ക് ഭൂമികളുടെ കസ്റ്റഡി ച്ചുമതല അതാത് വില്ലേജുകളിലെ വില്ലേജ് ഓഫീസർമാർക്കാണ്. |
| (സി) പുറമ്പോക്ക് ഭൂമികളുടെ വിസ്തൃതി, അതിർത്തി എന്നിവ അടയാളപ്പെടുത്തിയ പ്ലാൻ എവിടെയൊക്കെ ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (സി) പുറമ്പോക്ക് ഭൂമികളുടെ വിസ്തൃതി, അതിർത്തി എന്നിവ അടയാളപ്പെടുത്തിയ പ്ലാൻ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിലും, താലൂക്ക് ഓഫീസുകളിലും, സർവ്വെ ഓഫീസുകളിലും ലഭ്യമാണ്. കൂടാതെ ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ലാന്റ് ബാങ്കിന്റെ വെബ് സൈറ്റ് http://www.kslb.kerala.gov.in ലും ലഭ്യമാണ്. |

| | |
|---|---|
| (ഡി) പ്രസ്തുത സ്ഥലങ്ങളിൽ സർക്കാർ വകയാണെന്നു കാണിക്കുന്ന സ്ഥിരം അടയാളം സ്ഥാപിച്ച ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി നിരീക്ഷിച്ച് കയ്യേറ്റങ്ങൾ തടയാൻ നടപടി സ്വീകരിക്കുമോ? | (ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**